നം. AHD/TVM/LMTC/

KDKU/78/2025-C

മൃഗസംരക്ഷണവകുപ്പ്,

ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ

കുടപ്പനക്കുന്ന്.പി.ഒ, തിരുവനന്തപുരം 695 043,

ഇ-മെയിൽ ptotvm.ahd@kerala.gov.in

തീയതി.

## അറിയിപ്പ്

## കേരള സർക്കാർ

## ചിക്ക് സെക്സിംഗ് & ഹാച്ചറി മാനേജ്മെന്റ് പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു

കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ 2025 മേയ് മാസത്തിൽ ആരംഭിക്കുന്ന ചിക്ക് സെക്സിംഗ് & ഹാച്ചറി മാനേജ്മെന്റ് കോഴ്സ് പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ 01.01.2025 ന് 25 വയസ്സ് കവിയാത്തവരും 18 വയസ്സ് പൂർത്തിയായവരും എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത പാസ്സായവരും, കൈവിരലുകൾക്ക് അംഗവൈകല്യം ഇല്ലാത്തവരും, കണ്ണട ഉപയോഗിക്കാതെ നല്ല കാഴ്ചശക്തി ഉള്ളവരും ആയിരിക്കണം (മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാണ്).

തെരഞ്ഞെടുക്കപ്പെടുന്നവർ നിലവിലുള്ള പരിശീലന ഫീസായി 500/- രൂപാ/സർക്കാർ പുതുക്കി നിശ്ചയിക്കുന്ന ഫീസ് പ്രവേശന സമയത്ത് അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ഫീസ് നൽകേണ്ടതില്ല. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 15.04.2025 ആയിരിക്കും.

**നേരിട്ടുള്ള അഭിമുഖത്തിലൂടെ 12വിദ്യാർത്ഥികളെയായിരിക്കും തെരഞ്ഞെടുക്കുന്നത്. യോഗ്യതയുള്ള അപേക്ഷകരെ അഭിമുഖം നടത്തുന്ന തീയതി യഥാസമയം അറിയിക്കുന്നതായിരിക്കും. അഭിമുഖ സമയത്ത് കാഴ്ച തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, കൈ വിരലുകൾക്ക് അംഗവൈകല്യം ഇല്ല എന്ന മെഡിക്കല് സർട്ടിഫിക്കറ്റ് അടക്കം എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.**

താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ **പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ, മൃഗസംരക്ഷണ പരിശീലന കേന്ദ്രം,കുടപ്പനക്കുന്ന്.പി.ഒ, തിരുവനന്തപുരം 695043** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃക മൃഗസംരക്ഷണ വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാത്തതും അപൂർണ്ണമായതും 15.04.2025ന് വൈകുന്നേരം 5 മണിയ്ക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പൂർണ്ണമായും നിരസിക്കുന്നതാണ്.

ൽ

### ചിക്ക് സെക്സിംഗ് & ഹാച്ചറി മാനേജ്മെന്റ് കോഴ്സ് - 2025 നുള്ള അപേക്ഷ

| | | |
|---|---|---|
| 1 | പേര്ൽ | |
| 2 | പൂർണ്ണമായ | |

| | | |
|---|---|---|
| | മേൽവിലാസം | |
| 3 | ഫോൺ നം. | |
| 4 | പുരുഷൻ/സ്ത്രീ | |
| 5 | വയസ്സ് | |
| 6 | ജനന തീയതി | |
| 7 | പട്ടികജാതി/പട്ടികവർഗ്ഗം | |
| 8 | എസ്.എസ്.എൽ.സി മാർക്ക് % ഗ്രേഡ് | |
| 9 | ജയിച്ച വർഷം, മാസം, തീയതി | |
| 10 | അധിക വിദ്യാഭ്യാസ യോഗ്യത | |

സ്ഥലം:

തീയതി: ഒപ്പ് :

(ജാതി, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ

പകർപ്പ് ഉള്ളടക്കം ചെയ്യണം)

**<u>കോഴ്സിനെക്കുറിച്ചുള്ള വിവരങ്ങൾ</u>**

കാലയളവ് : 5 മാസം

ഫീസ് : 500/- രൂപ (പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പ്പെട്ടവർ ഫീസ് നൽകേണ്ടതില്ല)

പ്രായപരിധി : 01.01.2025 ൽ 25 വയസ്സ് കവിയരുത്,

18 വയസ്സ് പൂർത്തിയായിരിക്കണം

ൽയോഗ്യതകൾ

- SSLC/തത്തുല്യ കോഴ്സ് പാസ്സായിരിക്കണം (VHSE പൗൾട്രി ഹസ്ബന്ററി പാസ്സായവർക്ക് മുൻഗണന)
- കൈവിരലുകൾക്ക് അംഗവൈകല്യം ഉണ്ടാകാൻ പാടില്ല
- കണ്ണട ഉപയോഗിക്കാതെ നല്ല കാഴ്ച്ചശക്തി ഉണ്ടായിരിക്കണം

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 15.04.2025 5 pm

അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം :

പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ,

ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ,

കുടപ്പനക്കുന്ന്.പി.ഒ,

തിരുവനന്തപുരം 695043.

Email: ptotvm.ahd@kerala.gov.in

അപേക്ഷ അയയ്ക്കുന്ന കവറിന് മുകളിൽ "ചിക്ക് സെക്സിംഗ് & ഹാച്ചറി മാനേജ്മെന്റ് കോഴ്സ് - 2025" എന്ന് രേഖപ്പെടുത്തിയിരിക്കണം

NB : ആകെ 12 പേർക്കാണ് ഒരു സമയം അഡ്മിഷൻ നൽകുന്നത്. യോഗ്യരായ അപേക്ഷകരിൽ നിന്നും ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റിൽ നിന്നായിരിക്കും അഡ്മിഷൻ നൽകുന്നത്.

Signed by
D Shine Kumar
Date: 20-03-2025 15:43:59

പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ